# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
# ഡയറക്ടർ (എ&എഫ്) ന്റെ നടപടിക്രമം

(ഹാജർ: റംലത്ത്.പി)

വിഷയം: കുടുംബശ്രീ - സംസ്ഥാന മിഷൻ ഓഫീസിൽ നടത്തുന്ന വിവിധ പരിപാടികൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നത്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി - ഉത്തരവാകുന്നു.

പരാമർശം:
1. 14.09.2018 ലെ ഇതേ നമ്പർ ക്വട്ടേഷൻ.
2. 27.09.2018 ലെ മെസേഴ്സ് ഉണ്ണി ഗണപതി ട്രാവൽസിന്റെ ക്വട്ടേഷൻ.

***ഉത്തരവ് നമ്പർ 8316/സി/2018/കെ.എസ്.എച്ച്.ഒ തീയതി 15.11.2018***

കുടുംബശ്രീ സംസ്ഥാന മിഷൻ ഓഫീസിൽ നടത്തുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കാൻ എത്തുന്നവരെ താമസ സ്ഥലത്തു നിന്നും പരിപാടി സംഘടിപ്പിക്കുന്ന സെന്ററുകളിലേക്ക് കൊണ്ടുപോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുന്ന തിലേക്കായി ട്രാവൽ ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. ടി ക്വട്ടേഷനിൽ നാല് ട്രാവൽ ഏജൻസികൾ പങ്കെടുത്തു. പരാമർശം (2) പ്രകാരം മെസേഴ്സ് ഉണ്ണി ഗണപതി ട്രാവൽസ്, പഴയറോഡ്, മെഡിക്കൽ കോളേജ്. പി.ഒ എന്ന സ്ഥാപനമാണ് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം | നോൺ എ.സി | എ.സി | എക്സ്ട്രാ കിലോമീറ്റർ എ.സി ട്രിപ്പ് | എക്സ്ട്രാ കി.മീ. നോൺ എ.സി | ഡ്രൈവർ ബാറ്റ |
|---|---|---|---|---|---|
| | (Min 80 km) | | | | |
| ഇന്നോവ | 3000 | 3500 | 15 | 14 | 200 |
| ടവേര | 2500 | 3000 | 14 | 13 | 200 |
| സ്വിഫ്റ്റ് ഡിസൈർ | 2200 | 2500 | 13 | 12 | 200 |
| ട്രാവലർ 14 സീറ്റ് | 2500 | 3000 | 17 | 16 | 250 |
| ട്രാവലർ 17 സീറ്റ് | 3000 | 3500 | 20 | 18 | 250 |
| ട്രാവലർ 26 സീറ്റ് | 5000 | 5500 | 26 | 25 | 300 |
| എയർബസ് 49 സീറ്റ് | 6500 | 9500 | 42 | 32 | 500 |

ഈ സാഹചര്യത്തിൽ കുടുംബശ്രീ സംസ്ഥാന മിഷനിൽ നടത്തുന്ന പരിപാടികൾക്ക് അടുത്ത ഒരു വർഷത്തേക്ക് ട്രാൻസ്പോർട്ടേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് മുകളിലത്തെ പട്ടികയിൽ പറഞ്ഞ പ്രകാരമുള്ള റേറ്റിൽ മെസേഴ്സ് ഉണ്ണി ഗണപതി ട്രാവൽസ്, പഴയറോഡ്, മെഡിക്കൽ കോളേജ്. പി.ഒ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
ഡയറക്ടർ (എ&എഫ്)
കുടുംബശ്രീ

*പകർപ്പ്*

1. ശ്രീ. അഭിലാഷ്. എ.പി, മെസേഴ്സ് ഉണ്ണി ഗണപതി ട്രാവൽസ്, പഴയറോഡ്, മെഡിക്കൽ കോളേജ്. പി.ഒ
2. എല്ലാ പ്രോഗ്രാം ഓഫീസർമാർ/ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർമാർ
3. എല്ലാ ഒ.എസ്.എസ്മാർക്കും
4. കരുതൽ /അധികം

**ഉത്തരവിൻപ്രകാരം,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**